(ബി) ഈ കമ്മിഷന്റെ കാലാവധി നീട്ടിക്കൊടുക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തായിരുന്നു;

(ഡി) ഇപ്പോൾ കമ്മിഷന്റെ റിപ്പോർട്ട് ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി ഗവണ്മെന്റ സ്വീകരിച്ചിട്ടുണ്ട്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) നാല് (4) മാസത്തേക്കു.

(ബി) ഉണ്ടായി.

(സി) അന്വേഷണം പൂർത്തിയാകാതിരുന്നതുകൊണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മൈനർ തുറമുഖങ്ങൾ.

*361. [62] ശ്രീ പി കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) സ്റ്റേറ്റിലെ മൈനർതുറമുഖങ്ങളെ സംബന്ധിച്ച് ഒരു സർവ്വെ നടത്തുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കൊടുങ്ങല്ലൂർ അഴി ഒരു മൈനർതുറമുഖമാക്കേണ്ടതിലേക്കു വേണ്ട നടപടികൾ കൈക്കൊള്ളുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ കെ. ഐ. വേലായുധൻ):

(എ) സ്റ്റേറ്റിലെ മൈനർതുറമുഖങ്ങളെ സംബന്ധിച്ച് ഇൻഡ്യാ ഗവണ്മെന്റിന്റെ ഒരു ഉദ്യോഗസ്ഥൻ അടുത്തകാലത്ത് ഒരു സർവ്വെ നടത്തിയിട്ടുള്ളതാണ്. ഇനിയൊരു സർവ്വെനടത്തുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

(ബി) ഇല്ല.

കൃഷിവികസനത്തിനു കൊടുക്കുന്ന ലോൺ.

*362 [63] ശ്രീ. എം. എ. ആൻറണി: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവികസനത്തിനു കർഷകർക്കായി ലോൺ കൊടുക്കുന്നതിനു് എത്ര സംഖ്യ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ കൊല്ലം ആർക്കെങ്കിലും ലോൺ അനുവദിച്ചിട്ടുണ്ടോ;

(സി) ഈ ലോൺ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഭക്ഷ്യോൽപ്പാദനപരിപാടികൾ അനുസരിച്ച് കൃഷിവികസനത്തിനു് വായ്പകൊടുക്കുന്നതിനു് ഇക്കൊല്ലം രണ്ടുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ഇതു സംബന്ധിച്ചുള്ള രേഖ 25-1-1955-ലെ 4-ാം നമ്പർ ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ട്.

പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം.

* 363. [64] ശ്രീ. ഇ. ജെ. ആന്റണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് ഗവണ്മെന്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു ലഭിക്കുന്ന ശമ്പളവും അലവൻസും കൊടുക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അതിലേയ്ക്ക് ആവശ്യമായ ഉത്തരവുകൾ പാസ്സാക്കിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണു്.

(ബി) അവസാനതീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല.

സിലോണിൽനിന്നും മടങ്ങിവരുന്നവർക്ക് സഹായങ്ങൾ.

* 364. [65] ശ്രീ. പി. കെ. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) 1954-55-ൽ നമ്മുടെ സംസ്ഥാനത്തു് എത്രപേർ സിലോണിൽനിന്നു് സ്ഥിരതാമസം മാറി വന്നിട്ടുണ്ടെന്നു പറയാമോ;

(ബി) സിലോണിൽനിന്നും ഇൻഡ്യൻ വംശീയരായവരെ കൂട്ടത്തോടെ പുറത്താക്കിവരുന്നു എന്ന പരാതി ഗവണ്മെൻറിനു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇക്കാര്യം ഇൻഡ്യാഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തി സിലോണിൽനിന്നും മടങ്ങിവരുന്നവർക്ക് ഇവിടെ ആവശ്യമായ സഹായങ്ങൾ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അറിവില്ല.

(ബി) ഇല്ല.

(സി) സിലോണിൽനിന്നും മടങ്ങിവരുന്നവർക്ക് സഹായങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു.

കൈത്തറിനെയ്ത്തുവേതനം.

* 365. [66] പി. ടി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് 1955-ൽ കൈത്തറിനെയ്ത്തുവേതനം ആവശ്യപ്പെടുന്നതിനു് ഗവണ്മെൻറ് എത്ര രൂപ ചെലവാക്കി;

LIBRARY ARCHIVES Kerala Legislative Assembly